## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *263      20.12.2012-ൽ മറുപടിയ്ക്ക്

### പ്ലാസ്റ്റിക് റോഡുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, വർക്കല കഹാർ<br>,, ഹൈബി ഈഡൻ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലാസ്റ്റിക് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് സംഭരിച്ച് ബിറ്റുമിനൊപ്പം ചേർത്ത് റോഡുനിർമ്മാണത്തിനായി ഉപയോഗിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) | പ്ലാസ്റ്റിക് മാലിന്യം കുന്നുകൂടുന്നത് തടയുന്നതിന് ഒരു പരിധി വരെ സാധിക്കും. |
| (സി) | പരീക്ഷണാടിസ്ഥാനത്തിൽ ഇത്തരം റോഡുകളുടെ നിർമ്മാണം നടക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (സി) | അതെ. പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് താഴെപ്പറയുന്ന റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.<br>1. തിരുവനന്തപുരം ജില്ലയിലെ ചാവടിമുക്ക്-പുല്ലാന്നിവിള-നരിക്കൽ റോഡ് - 500 മീ<br>2. തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടത്ത് മേനംകുളം-ഇമ്പ-ആറാട്ടുവഴി റോഡ് - 1 കി.മീ<br>3. എറണാകുളം ജില്ലയിൽ GIDA റോഡ്-400 മീ<br>4.മുനിസിപ്പൽ ടൗൺഹാൾ-ഔവർ കോളേജ് റോഡ്-വടകര മുനിസിപ്പാലിറ്റി-400 മീ<br>5. സ്റ്റേഡിയം-പുതിയറ റോഡ് കോഴിക്കോട്-660 മീ<br>6. ലോഗൻസ് റോഡ് തലശ്ശേരി - 650 മീ<br>7. കൊക്കാലെ-തൃശ്ശൂർ കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാന്റ് റോഡ് തൃശ്ശൂർ-700 മീ |

| | | | |
|---|---|---|---|
| (ഡി) | ഏത് ഏജൻസിയാണ് ഇവയുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്; വിശദമാക്കുമോ ; | (ഡി) | കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KHRI) ന്റെയും നാറ്റ്പാകിന്റെയും സാങ്കേതിക സഹായത്തോടെ പൊതുമരാമത്ത് വകുപ്പാണ് നിർമ്മിച്ചിട്ടുള്ളത്. |
| (ഇ) | ഈ റോഡുകളുടെ നിർമ്മാണം വിജയകരമാണെന്ന് കണ്ടാൽ സംസ്ഥാനം മുഴുവനും ഇത്തരം റോഡുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) | ഇതു സംബന്ധിച്ച് കൂടുതൽ പഠനങ്ങളും ഗവേഷണങ്ങളും നടന്നുവരുന്നതേയുള്ളൂ. ഗവേഷണങ്ങളുടെ വിശദമായ റിപ്പോർട്ട് ലഭിച്ച ശേഷം സംസ്ഥാനത്ത് കൂടുതൽ പ്ലാസ്റ്റിക് റോഡുകൾ നിർമ്മിക്കാൻ കഴിയുമോ എന്ന കാര്യം ആലോചിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**